# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5612 02.07.2019 ലെ മറുപടിയ്ക്ക്

**ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായം**

| | **ചോദ്യം**<br><br>**ശ്രീ.കെ.ഡി.പ്രസേനൻ** | | **മറുപടി**<br>ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പെൺകുട്ടികൾക്ക് വിവാഹ ധനസഹായപദ്ധതി പ്രകാരം തുക അനുവദിച്ചുവെന്നും ഓരോരുത്തർക്കും എത്ര തുക വീതം സഹായം നൽകിയെന്നും വ്യക്തമാക്കുമോ; | എ) | ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 322 പെൺകുട്ടികൾക്ക് വിവാഹധനസഹായപദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. 172 പേർക്ക് 50,000/-രൂപ വീതവും 150 പേർക്ക് 75,000/-രൂപ വീതവുമായി മൊത്തം 1,98,50,000/- രൂപ (ഒരു കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ധനസഹായം നൽകിയിട്ടുണ്ട്. |
| ബി) | ധനസഹായം നൽകാൻ ഇനിയും അപേക്ഷകൾ ബാക്കിയുണ്ടോ; വിശദവിവരം നൽകുമോ ? | ബി) | ഉണ്ട്. അവശേഷിക്കുന്ന 59 പേർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**